നമ്മുടെ കുടുംബ ഡയറക്ടറിയുടെ ആമുഖത്തിൽ കൊടുത്തിരിക്കുന്ന കുടുംബ ചരിത്രം വളരെ സംക്ഷിപ്തമായാണ് കാണുന്നത്. അതിനോടു കൂട്ടിച്ചേർത്ത് മറ്റു ചില കാര്യങ്ങൾ അറിയിക്കുന്നു. ചാലക്കുടിയിൽ നിന്നും ഒല്ലൂരിൽ വന്ന വംശ പരമ്പരയിൽ നമുക്ക് അറിവു കിട്ടിയിട്ടുള്ള എഴ് മക്കളിൽ ഒരാൾ ഫ്രാൻസിസ് സ്കോസ് കത്തനാരായിരുന്നു. അച്ഛന്റെ പേര് ഫ്രാൻസിസ് സ്കോസ് ആയിരുന്നു എന്നതിന്റെ തെളിവ് കാണാം. C.M.C യിലുള്ള അമ്മായി (Sr. ഇസബെല്ല) വഴി അറി ഞ്ഞിട്ടുണ്ട്. Sr. ഇസബെല്ല അമ്മായി പൊറിഞ്ചു അപ്പാപ്പന്റെ പെങ്ങളുടെ മകളായി രുന്നു. (പൊറിഞ്ചു അപ്പാപ്പൻ എന്റെ അപ്പാപ്പൻ ഐപ്പുവിന്റെ അപ്പനായിരുന്നു.) C.M.C യിലുണ്ടായിരുന്ന Sr. ഇസബെല്ല അമ്മായി നമ്മുടെ വീട്ടിൽ നിന്നാണ് പഠിച്ചത്.

ബഹുമാനപ്പെട്ട ഫ്രാൻസിസ് സ്കോസ് അച്ചന്റെ ഒരു ഡയറി കുറിപ്പ് ‘സത്യ നാഥ കാഹളം’ എന്ന ഒരു മാഗസിന്റെ ശേഖരണത്തിൽ ഉണ്ടായിരുന്നു. അതിൽ നമ്മുടെ കുടുംബചരിത്രം കുറച്ചൊക്കെ രേഖപ്പെടുത്തിയിരുന്നു. ഈ രേഖകൾ തൃക്കൂ രുള്ള കൊച്ചു മിഖായേലിന്റെ കൈവശമായിരുന്നു സൂക്ഷിച്ചിരുന്നത്. അത് കാണു വാനും, വായിക്കുവാനും എനിക്ക് സാധിച്ചു. അത് തിരികെ കൊടുത്തതിനുശേഷം പിന്നീടുള്ള അന്വേഷണത്തിൽ കണ്ടു കിട്ടിയില്ല.

Fr. ഫ്രാൻസിസ് സ്കോസ് അച്ചന്റെ ബംഗ്ലാവ് ഒല്ലൂർ പനംകുറ്റിച്ചിറ C.M.C ഇരി ക്കുന്ന ചാലക്കുടിയിൽ നിന്നും വന്ന കാരണവർ മേലേടത്ത് മനയിലെ വാസുദേവൻ നമ്പൂതിരി പോഴത്ത് നായന്മാരുടെ കയ്യിൽ നിന്നും വാങ്ങി താമസമാക്കിയതും നമ്മുടെ വംശപരമ്പര ആരംഭിയ്ക്കുന്നതും, അങ്ങനെയാണ് പോഴത്ത്-പോഴൻ എന്ന ആ വിളിപ്പേര് കിട്ടിയത്. 1900 ത്തിൽ ഫ്രാൻസിസ് സ്കോസ് അച്ചൻ മരിച്ചപ്പോൾ രൂപത ആ സ്ഥലം ഏറ്റെടുക്കുകയും C.M.C കർമ്മലീത്ത സമൂഹത്തിന് രൂപതയുടെ ആദ്യത്തെ കോൺവെന്റായി തുടങ്ങാൻ കൈമാറി. ഇതേ വർഷത്തിൽ തന്നെയാണ് ഒല്ലൂർ C.M.C കർമ്മലീത്ത മഠം ആരംഭിച്ചത്.

ഒല്ലൂർ പള്ളിയുടെ സെമിത്തേരിയ്ക്കടുത്തുള്ള കിണറ്റിൽ നിന്നും കിട്ടിയ ചെമ്പുകുടത്തിൽ ‘ഫ്രാൻസിസ് സ്കോസ് കത്തനാർ വക’ എന്ന് രേഖപ്പെടുത്തിയിട്ടു ണ്ടായിരുന്നു. അത് എന്റെ അപ്പൻ കണ്ടിരുന്നു. പക്ഷേ അത് സ്വന്തമാക്കാൻ അപ്പനു കഴിഞ്ഞില്ല. അച്ചന്റെ കൈവശം ഉണ്ടായിരുന്ന നാല് കാലുള്ള പെട്ടിയാണ് ബഹുമാന

പ്പെട്ട Sr. ഇസബെല്ല അമ്മായി മഠത്തിൽ ചേർന്നപ്പോൾ കൊണ്ടുപോയത്. കാഞ്ഞൂർ മഠത്തിൽ വെച്ച് എനിക്ക് ആ പെട്ടി കാണുവാൻ സാധിച്ചിട്ടുണ്ട്.

1900-ത്തിൽ നിര്യാതനായ നമ്മുടെ അച്ഛനെ ഒല്ലൂർ പള്ളിയിലാണ് അടക്കം ചെയ്തിരിക്കുന്നത്.

Fr. James Meledath

1-ാം വാർഷിക റിപ്പോർട്ട് (24-1-2010)

## റിപ്പോർട്ട്

മേലേടത്ത് തറവാട്ടിലെ കുടുംബങ്ങളുടെ ഒരു കൂട്ടായ്മ ആവശ്യമാണെന്ന് കുറേ കാലങ്ങളായി ചിന്തിച്ചു കൊണ്ടിരിക്കുന്നതാണ്. മേലേടത്ത് കൊച്ചുവാറു മകൻ ഡേവീസ്, മേലേടത്ത് കൊച്ചപ്പൻ സണ്ണി, മേലേടത്ത് ഫ്രാൻസിസ് ഐപ്പു, മേലേടത്ത് പൗലോസ് ഫ്രാൻസിസ് എന്നിവർ കൂട്ടായി ആലോചിച്ച് 5-10-2008-ൽ മേലേടത്ത് കൊച്ചുവാറു മകൻ ഡേവീസിന്റെ വസതിയിൽ യോഗം ചേരുകയുണ്ടായി. Fr. James Meledath അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഏകദേശം 36 പേർ സംബന്ധിക്കുകയും Family Association രൂപീകരിക്കാമെന്ന് താല്പര്യപ്പെടുകയും ചെയ്തു. അസോസ്സിയേഷന്റെ Convenor ആയി മേലേടത്ത് പൗലോസ് മകൻ ഫ്രാൻസിസിനെ ഐക്യകണ്ഠേന തിരഞ്ഞെടുത്തു. അദ്ദേഹത്തെ സഹായിക്കാനായി മേലേടത്ത് പൊറിഞ്ചു റാഫേൽ, മേലേടത്ത് വാറപ്പൻ റാഫേൽ, മേലേടത്ത് തോമാസ് സെൻസിലാവോസ്, മേലേടത്ത് ഈനാശു, ബിനോയി എന്നിവരെ മെമ്പർമാരായി തിരഞ്ഞെടുത്തു.

യോഗത്തിൽ Fr. James കുടുംബ കൂട്ടായ്മയെ സംബന്ധിച്ച് ചർച്ച നടത്തുകയും കുടുബങ്ങൾ തമ്മിൽ സ്നേഹത്തിലും സാഹോദര്യത്തിലും കൂട്ടായ്മയിലും വളരുന്നതിന് വേണ്ടതായ ഉപദേശങ്ങൾ നൽകുകയും ചെയ്തു. Sr. Robin, Sr. Arpitha എന്നിവർ കുടുംബങ്ങൾക്ക് സദ്പദേശങ്ങളും ആശംസകളും അർപ്പിച്ച് സംസാരിച്ചു. മേലേടത്ത് കൊച്ചു വാറു മകൻ ഡേവീസ് സ്നേഹ വിരുന്നു നൽകുകയും General Convenor നന്ദി പറയുകയും ചെയ്ത് യോഗം പിരിഞ്ഞു.

ഒരു വർഷത്തോളം സമിതി പലപ്പോഴായി യോഗം ചേരുകയും Family അസ്സോസിയേഷനു വേണ്ടി ഒരു നിയമാവലി (Bilo) തയ്യാറാക്കുകയും ചെയ്തു. അന്ന് യോഗത്തിൽ സംബന്ധിച്ചതും അല്ലാത്തതുമായ വീടുകൾ സന്ദർശിച്ച് അവരെ അംഗങ്ങളായി ചേർക്കുകയും ചെയ്തു. ഒരു കുടുംബത്തിന് 550 രൂപ അംഗത്വഫീസും, 200 രൂപ വാർഷിക വരിസംഖ്യയും പിരിച്ചെടുക്കാൻ തീരുമാനിച്ചു. South Indian Bank ഒല്ലൂർ ബ്രാഞ്ചിൽ ഒരു Joint അക്കൗണ്ട് ചേർന്ന് പ്രാരംഭ പ്രവർത്തന ഫണ്ടിലേക്കായി കമ്മിറ്റിക്കാരായ 6 പേർ വരിസംഖ്യ ആദ്യം എടുക്കുന്നതിനും തീരുമാനിച്ചു.

12-10-2009 ൽ സെൻസിലാവോസിന്റെ വസതിയിൽ അന്നു വരെ ചേർന്ന അംഗങ്ങളെ വിളിച്ചു ചേർത്തു യോഗം ചേർന്നു. അസ്സോസിയേഷന്റെ ഉദ്ഘാടനം നടത്തു

ന്നതിനെ സംബന്ധിച്ചും സാമ്പത്തിക സ്ഥിതിയെ കുറിച്ചും കൺവീനർ വിശദീകരിക്കുകയും Bylaw വായിച്ച് കേൾപ്പിക്കുകയും ചെയ്തു. 24-01-2010 ന് തൃക്കൂർ സെന്റ്. ആന്റണീസ് പള്ളിയിൽ വെച്ച് 10 AM നുള്ള കുർബ്ബാനയോടെ ഉദ്ഘാടന സുദിനം ആഘോഷമാക്കാനും തീരുമാനിച്ചു. മേലേടത്ത് പൊറിഞ്ചു ഐപ്പു family അന്നേ ദിവസത്തെ food sponsor ചെയ്യുകയും ഫ്രാൻസിസ് മേലേടത്ത് ഹാളിന്റെ വാടക കൊടുക്കാമെന്ന് സ്വയം സമ്മതിക്കുകയും ചെയ്തു. തൃക്കൂരുള്ള മേലേടത്ത് കുടുംബങ്ങൾ ചേർന്ന് ഹാളിന്റെയും, പള്ളിയിലേയും അലങ്കാരങ്ങളും, ആവശ്യമായ മറ്റു സജ്ജീകരണങ്ങളും സംഘടിപ്പിച്ച് ഉൽഘാടന സുദിനം വളരെ ഭക്തിയോടേയും, ആഘോഷത്തോടെയും കൊണ്ടാടുന്നതിന് വേണ്ട സഹായസഹകരണങ്ങൾ ചെയ്തു മനോഹരമാക്കാമെന്ന് സമ്മതിയ്ക്കുകയും ചെയ്തു. ഉൽഘാടനത്തിന് പുറമെ നിന്നു ഒരു അച്ചനെ ക്ഷണിക്കുവാനും തീരുമാനിച്ചു. 71 കുടുംബങ്ങൾ ഇപ്പോൾ കൂട്ടായ്മയിൽ പേര് ചേർത്തിയിട്ടുണ്ട്. അങ്ങനെ ദൈവകൃപയാൽ നമ്മുടെയും, പൂർവ്വീകരുടേയും ചിരകാല സ്വപ്നമായിരുന്ന ഒരു കുടുംബ കൂട്ടായ്മയ്ക്ക് (Family Association) ഇവിടെ പ്രകാശദീപം തെളിയുകയാണ്. മേലേടത്ത് വീട്ടുകാർ തമ്മിൽ സ്നേഹവും ഐക്യവും, കൂട്ടായ്മയും പുലർത്തുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശവും, ലക്ഷ്യവും.

നിർത്തുന്നു.......നന്ദി........... നമസ്കാരം...

(അവതരണം Convenor ഫ്രാൻസിസ് മേലേടത്ത്, തൃക്കൂർ)

St. Antony's Church, Thrikkoor
24-1-2010

**24/01/2010 ൽ തൃശൂർ St. Antony's Church ഹാളിൽ ചേർന്ന പൊതുയോഗത്തിൽ Fr. James Meledath അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരും എടുത്ത തീരുമാനങ്ങളും.**

| | | |
|---|---|---|
| പ്രസിഡണ്ട് | : | മേലേടത്ത് കൊച്ചപ്പൻ സണ്ണി |
| വൈസ് പ്രസിഡണ്ട് | : | മേലേടത്ത് കൊച്ചുവാറു ഡേവിസ് |
| സെക്രട്ടറി | : | മേലേടത്ത് തോമാസ് സെൻസിലാവോസ് |
| ജോയിന്റ് സെക്രട്ടറി | : | മേലേടത്ത് പൗലോസ് ഫ്രാൻസീസ് |
| ട്രഷറർ | : | മേലേടത്ത് കൊച്ചപ്പൻ ആന്റോ |

**എക്സിക്യൂട്ടീവ് മെമ്പേഴ്സ്**

| | |
|---|---|
| മേലേടത്ത് ഈനാശു ബിനോയ് | 2357177 |
| മേലേടത്ത് പൊറിഞ്ചു റാഫേൽ | 2316405 |
| മേലേടത്ത് വാറപ്പൻ റാഫേൽ | 2355359 |
| മേലേടത്ത് മൈക്കിൾ പോൾ | 2358768 |
| മേലേടത്ത് സേവിയർ ജെയിംസ് | 235759 |
| മേലേടത്ത് ആഗസ്റ്റി പോളി | 3293368 |

**വനിതാ പ്രാതിനിധ്യം**

1. ഫിലോമിന സെൻസിലാവോസ്
2. അജിന ബിനോയ്
3. ഉഷ സേവിയർ – 2351488
4. ഉഷ പോൾ

ഇത് വരെയുള്ള നടപടികളുടെ റിപ്പോർട്ട് ചെയ്തത് അംഗീകരിച്ച് Fr. James Meledathil റിപ്പോർട്ട് പാസ്സാക്കി.

## 2-ാം വാർഷിക റിപ്പോർട്ട് (2-1-2011)

മേലേടത്ത് ഫാമിലി അസ്സോസിയേഷന്റെ പ്രഥമ യോഗം 24-01-2010 ൽ തൃക്കൂർ സെന്റ് ആന്റണീസ് പള്ളി ഹാളിൽ വെച്ച് ചേരുകയുണ്ടായി. Fr. James Meledath ന്റെ മുഖ്യ കാർമ്മികത്തിൽ കുർബ്ബാനയോടു കൂടി നടന്ന യോഗത്തിൽ Fr. James Meledath അദ്ധ്യക്ഷ വഹിക്കുകയും, Fr. Jaison Koonamplackil സന്ദേശം നൽകുകയും ചെയ്തു. Professor ലീന ജോസ്, Sr. അർപ്പിത എന്നിവർ ആശംസകൾ അർപ്പിച്ചു. കുടുംബ കൂട്ടായ്മയുടെ ആവശ്യകതയെപ്പറ്റി Fr. James Meledath തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ എടുത്തു പറഞ്ഞു. Sr. റോബിൻ പ്രസ്തുത യോഗത്തിൽ സന്നിഹിതയായിരുന്നു. കുട്ടികളുടെ കലാപരിപാടികളും, സ്നേഹ വിരുന്നും ഉണ്ടായിരുന്നു. അതിനു ശേഷം 2010-2011 ലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ശ്രീ.സണ്ണി മേലേടത്ത് പ്രസിഡണ്ട്, ശ്രീ. സെൻസിലാവോസ് സെക്രട്ടറി, ശ്രീ.ഡേവിസ് മേലേടത്ത് വൈസ് പ്രസിഡണ്ട്, ശ്രീ.ഫ്രാൻസിസ് മേലേടത്ത് ജോയിന്റ് സെക്രട്ടറി, ശ്രീ.ആന്റോ മേലേടത്ത് ട്രഷറർ എന്നിവരെ കൂടാതെ ശ്രീ.മേലേടത്ത് ഈനാശു ബിനോയ്, മേലേടത്ത് പൊറിഞ്ചു റാഫേൽ, മേലേടത്ത് വാറപ്പൻ റാഫേൽ, മേലേടത്ത് മൈക്കിൾ പോൾ, മേലേടത്ത് സേവിയർ ജെയ്ക്കബ്, മേലേടത്ത് ആഗസ്റ്റി പോളി എന്നിവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്കും, വനിതാ പ്രതിനിധികളായി ശ്രീമതി. M.D.ഫിലോമിന, അജിന ബിനോയ്, ഉഷ സേവ്യർ, ഉഷ പോൾ എന്നിവരേയും തിരഞ്ഞെടുത്തു. യോഗം കാലത്ത് 10 മണിക്ക് ആരംഭിക്കുകയും ഉച്ചതിരിഞ്ഞ് 3 മണിയ്ക്ക് സമംഗളം പര്യവസാനിക്കുകയും ചെയ്തു. അതിനുശേഷം 7/2/2010 ലും, 11/7/2010 ലും, 31/10/2010 ലും, 5/12/2010 ലും, 27/12/2010 ലും കമ്മിറ്റി യോഗം ചേരുകയുണ്ടായി.

## 7-2-2010 യോഗത്തിലെ പ്രധാന തീരുമാനങ്ങൾ

അതുവരെയുള്ള വരവ് ചിലവുകൾ എഴുതി വച്ചു. മൊത്തം അംഗത്വ ഫീസ് 30,959 രൂപ വരവും, ചിലവ് 5783 രൂപ കഴിച്ച് നീക്കിയിരിപ്പ് 25,726 രൂപ പുതിയ പ്രസിഡണ്ട് സണ്ണി മേലേടത്തിന്റേയും ട്രഷർ ആന്റോ മേലേടത്തിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആയി തുടങ്ങി ബാങ്കിൽ നിക്ഷേപിക്കാൻ തീരുമാനിച്ചു. യോഗത്തിൽ മെമ്പർഷിപ്പ് കൂട്ടുന്നതിനു വേണ്ടി എല്ലാവരും പരിശ്രമിക്കണമെന്നും,

അപ്പനോ, അമ്മയോ, മേലേടത്ത് കുടുംബാംഗമാണെങ്കിൽ അവർക്ക് അംഗത്വഫീസ് നൽകി അസ്സോസ്സിയേഷനിൽ ചേരാവുന്നതാണന്നും, ട്രഷററർക്ക് 1000 രൂപ വരെ ക്യാഷ് ആയി കയ്യിൽ വെക്കാവുന്നതാണെന്നും തീരുമാനിച്ചു.

**11-7-2010 യോഗത്തിലെ പ്രധാന തീരുമാനങ്ങൾ**

അംഗത്വഫീസ് പിരിഞ്ഞു കിട്ടാനുള്ളവരുടെ പേരുകൾ വായിക്കുകയും, പിരിച്ചെടുക്കാൻ പരിശ്രമിക്കണമെന്ന് പറയുകയും ചെയ്തു. പരീക്ഷകളിൽ ഉന്നതവിജയം ലഭിക്കുന്നവർക്ക് വാർഷിക പൊതുയോഗത്തിൽ സമ്മാനങ്ങൾ നൽകാൻ തീരുമാനിച്ചു. എല്ലാ കുടുംബനാഥൻമാരേയും വിളിച്ചു ചേർത്ത് അടുത്ത വാർഷിക പൊതുയോഗത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ട്രഷറർ ആന്റോ മേലേടത്തിന്റെ വസതിയിൽ 31-10-2010 ൽ കൂടുവാൻ തീരുമാനിച്ചു.

**31-10-2010 യോഗത്തിലെ പ്രധാന തീരുമാനങ്ങൾ**

അസ്സോസ്സിയേഷന്റെ സുഗമമായ പ്രവർത്തനത്തിനായി ഒരു മൂലധന ഫണ്ട് സ്വരൂപിക്കേണ്ടതിന്റെ ആവശ്യകത പ്രസിഡണ്ട് ഊന്നി പറഞ്ഞു. ഈ യോഗത്തിൽ വെച്ചു തന്നെ അദ്ദേഹം മേലേടത്ത് ഐഫു ഫാമിലിയുടെ വകയായി ഒരു ലക്ഷം രൂപ വിദ്യാഭ്യാസ ഫണ്ടിലേക്കായി വാഗ്ദാനം ചെയ്തു. മേലേടത്ത് സേവ്യർ വർഗീസ് 25,000 രൂപ വിദ്യാഭ്യാസ ഫണ്ടിലേക്കായി വാഗ്ദാനം ചെയ്തു. 2011 ജനുവരി 2, ഞായറാഴ്ച അസ്സോസിയേഷന്റെ 2-ാം വാർഷികം ഒല്ലൂരിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. വാർഷികാഘോഷത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി 11 പേരടങ്ങുന്ന ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

**5-12-2010 യോഗത്തിലെ പ്രധാന തീരുമാനങ്ങൾ**

നമ്മുടെ തറവാട്ടിലെ ആദ്യ പുരോഹിതനായ ശ്രീ.ഫ്രാൻസിസ് കത്തനാരുടെ പേരിൽ എല്ലാ വർഷവും S.S.L.C. ക്ക് എല്ലാ വിഷയത്തിലും A+ ലഭിക്കുന്ന കുട്ടിക്ക് 1001 രൂപ സമ്മാനം കൊടുക്കാൻ തീരുമാനിച്ചു. ശ്രീ.ബിനോയ് മേലേടത്ത് അദ്ദേഹത്തിന്റെ മരിച്ചു പോയ ജ്യേഷ്ഠൻ സ്റ്റീഫന്റെ പേരിൽ അടുത്ത് 10 വർഷത്തേക്ക് +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന കുട്ടിക്ക് 1001 രൂപ ക്യാഷ് പ്രൈസ് നൽകാൻ തീരുമാനിച്ചു. തൃക്കൂരുള്ള മേലേടത്ത് ഫാമിലിക്കാർ വാർഷികാഘോഷത്തിനോടനുബന്ധിച്ചുള്ള ഭക്ഷണം സ്പോൺസർ ചെയ്തു. വാർഷികാഘോഷ

ത്തിന്റെ സൗണ്ട് & ലൈറ്റ് ശ്രീ.മേലേടത്ത് കുഞ്ഞിപ്പാലു തോമാസ് ഫാമിലി സ്പോൺസർ ചെയ്തു.

അതിനിടയിൽ ശ്രീ.മേലേടത്ത് മിഖായേൽ, മേലേടത്ത് ആഗസ്റ്റി ഭാര്യ സെലീന, മേലേടത്ത് ആന്റണി മകൻ ചാക്കപ്പൻ എന്നിവരുടെ വിയോഗത്തിൽ അസ്സോസ്സിയേഷന്റെ പേരിൽ റീത്ത് സമർപ്പിക്കുകയും, അനുശോചനം രേഖപ്പെടുത്തുകയും ഉണ്ടായി.

ദൈവകൃപയാൽ നമ്മുടെയും, പൂർവ്വികരുടേയും ചിരകാല സ്വപ്നമായിരുന്ന ഈ കുടുംബ കൂട്ടായ്മ (Family Association) 2-ാം വർഷത്തിലേക്ക് കടക്കുകയാണ്. മേലേടത്ത് വീട്ടുകാർ തമ്മിൽ സ്നേഹവും, ഐക്യവും, കൂട്ടായ്മയും പുലർത്തുകയെന്ന ലക്ഷ്യം നിറവേറാൻ ദൈവം ഇനിയും നമ്മളെ അനുഗ്രഹിക്കട്ടെ.

നിർത്തുന്നു.......നന്ദി........... നമസ്കാരം...

(അവതരണം സെക്രട്ടറി സെൻസിലാവോസ്, ഒല്ലൂർ)

അദ്ധ്യക്ഷൻ

പേര് : Fr. James Meledath

ഒപ്പ് :

## 6-10-2013 - 4-ാം വാർഷിക റിപ്പോർട്ട്

മേലേടത്ത് ഫാമിലി അസ്സോസിയേഷന്റെ 3-ാം വാർഷിക പൊതു യോഗം വിവിധ കലാപരിപാടികളോടു കൂടി ഒല്ലൂർ പോൾ കാക്കശ്ശേരി ഹാളിൽ വെച്ച് 2-9-2012 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 7 മണി വരെ ചേരുകയുണ്ടായി. യോഗത്തിൽ പ്രസിഡണ്ട് സണ്ണി മേലേടത്ത് അദ്ധ്യക്ഷത വഹിച്ചു. Fr.James Meledath മുഖ്യാധിഥിയായിരുന്നു. മേലേടത്ത് ഫാമിലി അസ്സോസിയേഷൻ കൊരട്ടി മേഖല പ്രസിഡണ്ട് M.D.Jose, Sr.അർപ്പിത എന്നിവർ ആശംസകൾ നേർന്നു. മേലേടത്ത് ഫാമിലി അസ്സോസിയേഷൻ കുടുംബ ഡയറക്ടറിയുടെ പ്രകാശന കർമ്മം M.L.A., M.P.വിൻസെന്റ് നിർവ്വഹിച്ചു. 2012 ലെ റിപ്പോർട്ട് സെക്രട്ടറി വായിച്ചു പാസ്സാക്കി. +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ മെറിൻ റോസ് പോളിനെ മേലേടത്ത് ഈനാശു മകൻ സ്റ്റീഫന്റെ സ്മരണക്കായി ഏർപ്പെടുത്തിയ 1001 രൂപയുടെ ക്യാഷ് പ്രൈസ് M.L.A., M.P.വിൻസെന്റ് സമ്മാനിച്ചു. വൈദീക ജീവിതത്തിലും, സമർപ്പിത ജീവിതത്തിലും സിൽവർ ജൂബിലിയിലെത്തിയ Fr.James Meledath നും, Sr.അർപ്പിതക്കും അസ്സോസിയേഷന്റെ വകയായി ഉപഹാരങ്ങൾ നൽകി. കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. കലാപരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനം നൽകുകയുണ്ടായി. റാഫേൽ മേലേടത്ത് സ്വാഗതവും, സെൻസിലാവോസ് നന്ദിയും പറഞ്ഞു. അതിനു ശേഷം 2012-2013 ലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. സ്നേഹവിരുന്നോടെ 7.30 ന് യോഗം സമംഗളം സമാപിച്ചു. അതിനു ശേഷം ഇന്നേവരെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ ചേർന്നു.

23-9-2012 ൽ പ്രസിഡണ്ട് സണ്ണി മേലേടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ ട്രഷറർ ആന്റോ മേലേടത്ത് വരവ് ചിലവുകൾ അവതരിപ്പിച്ചു. Education Fund 1,35,000 രൂപയും Life membership 55,000 രൂപയും working capital 28257 രൂപയും നീക്കിയിരിപ്പുള്ളതായി അറിയിച്ചു. 25-9-2012 ൽ നിര്യാതനായ മേലേടത്ത് അന്തോണിയുടെ മകൻ ഫ്രാൻസീസിന് (വള്ളിശ്ശേരി) റീത്ത് സമർപ്പിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

16-6-2013 ൽ ശ്രീ.തോബിയുടെ എളന്തുരുത്തിയിലെ വീട്ടിൽ വെച്ച് പ്രസിഡണ്ട് സണ്ണി മേലേടത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ

മേലേടത്ത് ഫാമിലി അസ്സോസിയേഷൻ രജിസ്റ്റർ ചെയ്യുവാൻ തീരുമാനിച്ചു. ജൂലി D/o.ഔസേഫ് U.S.A., ബേബി S/o. ഔസേഫ് ബാംഗ്ലൂർ, ജോൺ S/o. പവിയോള ബോംബെ എന്നിവർ 5000 രൂപ തന്ന് life membership എടുത്തു. പാവപ്പെട്ട 6 വീട്ടു കാർക്ക് വീട് വെക്കാൻ സ്ഥലം ദാനം ചെയ്ത ബിനോയ് മേലേടത്തിനെ യോഗം അഭിനന്ദിച്ചു.

7-7-2013 ൽ മേലേടത്ത് വർഗ്ഗീസ് S/o.സേവ്യറിന്റെ വീട്ടിൽ വെച്ച് പ്രസിഡണ്ട് സണ്ണി മേലേടത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ഈ വർഷത്തെ വാർഷിക പൊതുയോഗം ഒക്ടോബർ 6-ാം തിയ്യതി ഞായറാഴ്ച കൂടുവാൻ തീരുമാനിച്ചു. വാർഷിക ചിലവിലേയ്ക്കായി ഐപ്പു ഫാമിലി 5000 രൂപ, ശ്രീ.വർഗ്ഗീസ് S/o.സേവ്യർ 1000 രൂപ, ശ്രീ.സെൻസിലാവോസ് 1000 രൂപ, തോബി S/o.ഔസേഫ് 1000 രൂപ, ജോസ് S/o.മിഖായേൽ 1000 രൂപ എന്നിങ്ങനെ സംഭാവന നൽകി. അസ്സോസിയേഷന് ഒരു Logo തയ്യാറാക്കാൻ തീരുമാനിച്ചു. Internal Auditor ആയി ഫെലിക്സ് S/o.സ്റ്റീഫനെ തിരഞ്ഞെടുത്തു.

25-8-2013 ൽ ശ്രീ.മേലേടത്ത് തോമസ് സെൻസിലാവോസിന്റെ വീട്ടിൽ വെച്ച് Executive committe യോഗം ചേരുകയുണ്ടായി. മറ്റു മത്സരങ്ങളോടൊപ്പം ഒരു Photography മത്സരവും നടത്താൻ തീരുമാനിച്ചു. 4-9-2013 ൽ നിര്യാതനായ മേലേടത്ത് കൊച്ചാപ്പു മകൻ തോമാസിന് (എളന്തുരുത്തി) റീത്ത് സമർപ്പിക്കുകയും, അനു-ശോചനം രേഖപ്പെടുത്തുകയും ചെയ്തു. അസ്സോസിയേഷനിലെ കുടുംബങ്ങളിൽ പെട്ട കുട്ടികൾക്ക് കമ്പ്യൂട്ടർ ടേബിൾ വാങ്ങുന്നതിലേക്കായി 1000 രൂപ വീതം സബ്സിഡി നൽകാൻ തീരുമാനിച്ചു. വാർഷിക ചിലവിലേക്കായി റാഫേൽ S/o.ഫ്രാൻസിസ്, ഐപ്പു S/o.ഫ്രാൻസിസ്, സ്റ്റീഫൻ S/o.ഫ്രാൻസിസ് എന്നിവർ 500 രൂപാ വീതം സംഭാവന നൽകി.

4-10-2013 ൽ മേലേടത്ത് ഈനാശു മകൻ ബിനോയിയുടെ shopping complex ൽ വെച്ച് Executive യോഗം ചേരുകയുണ്ടായി. ശ്രീ.സണ്ണി മേലേടത്ത് അദ്ധ്യക്ഷത വഹിച്ചു. വാർഷികാഘോഷ ചിലവിലേക്കായി ശ്രീ.ബിനോയ് മേലേടത്ത് 1000 രൂപ സംഭാവന നൽകി. ജോഷി ഫ്രാൻസിസ് 1000 കൂടാതെ ജോർജ്ജ് S/o.മിഖായേൽ, ജോസ് S/o.പൗലോസ്, സെബാസ്റ്റ്യൻ S/o.പൗലോസ്, ജെയിംസ് S/o.സേവ്യർ, ജോഷി S/o.ഫ്രാൻസിസ് Lif membership എടുത്തു.

71 കുടുംബങ്ങളിലായി ആരംഭിച്ച നമ്മുടെ അസ്സോസിയേഷനിൽ ഇപ്പോൾ 100 കൂടുംബങ്ങൾ ഉണ്ട്.

ദൈവകൃപയാൽ നമ്മുടേയും, പൂർവ്വികരുടേയും ചിരകാല സ്വപ്മായിരുന്ന ഈ കുടുംബ കൂട്ടായ്മ Family Association 4-ാം വാർഷികത്തിലേക്ക് കടക്കുകയാണ്. മേലേടത്ത് വീട്ടുകാർ തമ്മിൽ സ്നേഹവും, ഐക്യവും, കൂട്ടായ്മയും പുലർത്തുക യെന്ന ലക്ഷ്യം നിറവേറ്റാൻ ദൈവം ഇനിയും നമ്മളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിർത്തുന്നു.... നന്ദി...നമസ്കാരം

സെക്രട്ടറി

സെൻസിലാവോസ്

## 5-ാം വാർഷിക റിപ്പോർട്ട്

മേലേടത്ത് ഫാമിലി അസ്സോസിയേഷന്റെ 4-ാം വാർഷിക പൊതുയോഗം 2013 ഒക്ടോബർ 6-ാം തിയ്യതി ഞായറാഴ്ച തൃശൂർ എലൈറ്റ് ഇന്റർനാഷണൽ ഹോട്ടലിൽ ചേരുകയുണ്ടായി.യോഗത്തിന് പ്രസിഡണ്ട് സണ്ണി മേലേടത്ത് അദ്ധ്യക്ഷത വഹിച്ചു. Fr.ജെയിംസ് മേലേടത്ത് മുഖ്യാഥിതിയും കൊരട്ടി മേഖലയിൽ നിന്നുള്ള Fr.പോൾ മേലേടത്ത് വിശിഷ്ടഥിതിയുമായിരുന്നു. Sr.റോബിൻ, Sr.അർപ്പിത എന്നിവർ ആശംസ കൾ നേരാൻ എത്തിയിരുന്നു. 2013 ലെ വാർഷിക റിപ്പോർട്ട് സെക്രട്ടറി വായിച്ചു പാസ്സാക്കി. കുട്ടികളുടെ വിവിധ കരാപരിപാടികൾ ഉണ്ടായിരുന്നു. കലാപരിപാടിയിൽ പങ്കെടുത്തവർക്കെല്ലാം പ്രോത്സാഹന സമ്മാനങ്ങൾ നൽകി. കൂടാതെ ചെറുകഥ, കവിത, ഫോട്ടോഗ്രഫി മത്സരങ്ങളിലും സമ്മാനം നൽകുകയുണ്ടായി. വാർഷിക ദിന ത്തോടനുബന്ധിച്ച് ഏകദേശം 10 ഓളം പേർ life membership എടുത്തു. അവർക്ക് സ്റ്റേജിൽ വെച്ചു തന്നെ രശീത് കൊടുത്തു. യോഗത്തിന് ജോയിന്റ് സെക്രട്ടറി റാഫേൽ മേലേടത്ത് സ്വാഗതവും, ആന്റോ മേലേടത്ത് നന്ദിയും പറഞ്ഞു. S.S.L.C. ക്ക് 2013 ൽ ഉന്നത വിജയം കൈവരിച്ച ട്രീസ റോബിൻസനെ മേലേടത്ത് ഈനാശു മകൻ സ്റ്റീഫന്റെ ഓർമ്മയ്ക്കായി ഏർപ്പെടുത്തിയ1001 രൂപ സമ്മാനം നൽകുകയു ണ്ടായി. വാർഷികാഘോഷ ചിലവിലേക്കായി ഐപ്പു ഫാമിലി 5000 രൂപ, വർഗ്ഗീസ് S/o.സേവ്യർ 1000 രൂപ, സെൻസിലാവോസ് 1000 രൂപ, തോബി S/o.ഔസേഫ് 1000, സേവ്യർ S/o.ജോസഫ് 1000, ജോസ് S/o.മിഖായേൽ 1000, റാഫേൽ S/o.ഫ്രാൻസിസ് 500, ഐപ്പു S/o.ഫ്രാൻസിസ് 500, സ്റ്റീഫൻ S/o.ഫ്രാൻസിസ് 500, ബിനോയ് S/o.ഈനാശു 1000, ജോഷി S/o.ഫ്രാൻസിസ് 1000 എന്നിങ്ങനെ സംഭാവനകൾ നൽകി യിരുന്നു.

യോഗത്തിനൊടുവിൽ 2013-2014 ലേക്കുള്ള ഭാരവാഹികളേയും, എക്സിക്യൂ ട്ടീവ് അംഗങ്ങളേയും തിരഞ്ഞെടുത്തു. പൊതുയോഗം 3.30 p.m.ന് ആരംഭിച്ച് 7.30 p.m ന് സ്നേഹവിരുന്നോടെ സമംഗളം സമാപിക്കുകയും ചെയ്തു.

അതിനുശേഷം എക്സിക്യൂട്ടീവ് കമ്മിറ്റി 16-2-2014 ൽ ബിനോയുടെ വസതി യിലും, 14-9-2014 ൽ മേലേടത്ത് സ്റ്റീഫൻ ബിൽഡിംങ്ങിലും, 5-10-2014 ൽ മേലേടത്ത് ആഗസ്റ്റി പോളിയുടെ വീട്ടിലും, 9-11-2014 ൽ മേലേടത്ത് ആഗസ്റ്റി മാത്യുവിന്റെ വീട്ടിലും ചേരുകയുണ്ടായി.

30-11-2014 ഞായറാഴ്ച 5-ാം വാർഷികാഘോഷം കുർബ്ബാനയോടു കൂടി സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ചു. ഭാര്യയ്ക്ക് ക്യാൻസർ ബാധിതയായി സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കേശവപ്പടിയിൽ താമസിക്കുന്ന അന്തോണി മകൻ സണ്ണി ചേട്ടനെ പിരിച്ചെടുത്ത 15000 രൂപ വീട്ടിൽ കൊണ്ടുപോയി ഏൽപിച്ചു. 26-3-2014 ൽ നിര്യാതയായ മേലേടത്ത് വാറപ്പൻ മകൻ ജോസിന് റീത്ത് സമർപ്പിച്ചു കൊണ്ട് പ്രാർത്ഥിച്ചു. 24-11-2014 ൽ നിര്യാതനായ മേലേടത്ത് കുഞ്ഞിപ്പാലു അന്തോണിക്ക് വേണ്ടി പ്രാർത്ഥിക്കുകയും, റീത്ത് സമർപ്പിക്കുകയും ചെയ്തു. റോമിൽ നടക്കുന്ന ഏവു പ്രാസ്യാമ്മയേയും, ചാവറ കുരിയാക്കോസ് അച്ചനേയും പുണ്യവതിയും, പുണ്യവാനുമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ നമ്മുടെ കുടുംബത്തിൽ നിന്നും പോകുന്ന സെൻസിലാവോസിനും ഭാര്യക്കും, ബിനോയിക്കും, ഭാര്യക്കും 9-11-2014 ൽ ചേർന്ന യോഗത്തിൽ വെച്ച് യാത്രയയപ്പ് നൽകി. മേലേടത്ത് ഫാമിലി അസ്സോസിയേഷനിലെ അംഗങ്ങൾ ഒരുമിച്ച് ഒരു ടൂർ പരിപാടി നന്നായിരിക്കുമെന്ന് ടി യോഗത്തിൽ സ്ത്രീകളുടെ ഭാഗത്തു നിന്നും ഒരു നിർദ്ദേശം വരികയും അത് പരിഗണിക്കാമെന്ന് പ്രസിഡണ്ട് പറയുകയും ചെയ്തു.

ദൈവകൃപയാൽ നമ്മുടെയും, പൂർവ്വികരുടേയും ചിരകാല സ്വപ്നമായിരുന്ന ഈ കുടുംബ കൂട്ടായ്മ (Family Association) 5-ാം വാർഷികത്തിലേക്ക് കടക്കുകയാണ്. മുടക്കം കൂടാതെ ഇത് കൊണ്ടു നടക്കാൻ സഹായിച്ച എല്ലാവരോടും നന്ദി പറയുന്നതോടൊപ്പം മേലേടത്ത് വീട്ടുകാർ തമ്മിൽ സ്നേഹവും, ഐക്യവും, കൂട്ടായ്മയും പുലർത്തുകയെന്ന ലക്ഷ്യം നിറവേറാൻ ദൈവം ഇനിയും നമ്മളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിർത്തുന്നു.......നന്ദി........... നമസ്കാരം...

എന്ന് സെക്രട്ടറി

സെൻസിലാവോസ്

## 6-ാം പൊതുയോഗ റിപ്പോർട്ട്

24-4-2016 മേലേടത്ത് ഫാമിലി അസ്സോസിയേഷൻ 6-ാം പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ട്.

നമ്മളുടെ ഈ കൂട്ടായ്മ 7-ാം വർഷത്തിലേയ്ക്ക് എത്തി നൽക്കുകയാണല്ലോ പൊതുയോഗം 6-ാമത്തെയാണ്. 2015 ൽ നമ്മൾ വാർഷിക പൊതുയോഗം നടത്തിയിരുന്നില്ല. കാരണം കഴിഞ്ഞ പൊതുയോഗം 30-11-204 ൽ ആണ് നടന്നത്. ഒല്ലൂർ അക്കര ഹാളിൽ വെച്ചായിരുന്നു കൂടിയത്. അന്നു മുതൽ ഇന്നു വരെയുള്ള പ്രവർത്തന റിപ്പോർട്ട്. അന്നേ ദിവസം ഉച്ചക്ക് 3 മണിക്ക് ഒല്ലൂർ സെന്റ് ആന്റണി ഫൊറോന പള്ളിയിൽ നടത്തിയ ദിവ്യബലി മേലേടത്ത് കുടുംബയോഗ രക്ഷാധികാരി ഫാ.ജെയിംസ് മേലേടത്തും, കൊരട്ടി മേഖലയിൽ നിന്നുള്ള ഫാ.പോൾ മേലേടത്തും ചേർന്നാണ് ദിവ്യബലി ചൊല്ലിയത്. അതിനുശേഷം സിമിത്തേരി പള്ളിയിൽ മരിച്ച പൂർവ്വികർക്കു വേണ്ടി ഒപ്പീസും നടത്തപ്പെട്ടു. തുടർന്ന് 4 മണിയോടെ ജോൺ അക്കര ഹാളിൽ പരിപാടി ആരംഭിച്ചു. കൊരട്ടി മേഖലയിൽ നിന്നുള്ള ഫാ.പോൾ മേലേടത്തിന് പുറമെ അവിടെ നിന്നു തന്നെയുള്ള സിസ്റ്റർ കൊച്ചുത്രേസ്യയും, സിസ്റ്റർ റാണി മരിയയും വേദി ശ്രദ്ധേയമാക്കി. പ്രസിഡണ്ട് ശ്രീ.സണ്ണി മേലേടത്ത് അദ്ധ്യക്ഷത വഹിച്ചു. ജെയിംസ് അച്ചന്റെ കാര്യ പ്രസക്തിയാർന്ന സന്ദേശവും, പോളച്ചനും, സിസ്റ്റർമാരായ കൊച്ചുത്രേസ്യയും, റാണി മരിയ എന്നിവരുടെ ആശംസ പ്രസംഗങ്ങളും എടുത്തു പറയേണ്ടതാണ്.

സെക്രട്ടറി ശ്രീ.സെൻസിലാവോസ് മേലേടത്ത് റിപ്പോർട്ട് വായിച്ചു പാസ്സാക്കി. വരവു ചിലവു നീക്കിയിരുപ്പ് കണക്കുകൾ ട്രഷറർ ശ്രീ.ആന്റോ മേലേടത്ത് അവതരിപ്പിച്ചു. ശേഷം കാര്യപരിപാടികളിൽ ഒന്നായ വിവാഹ ജീവിതം 40 വർഷം പൂർത്തിയായവരെയും മുതിർന്ന അംഗങ്ങളെയും ആദരിച്ചു. തുടർന്ന് S.S.L.C., +2 എന്നീ വിഭാഗങ്ങളിലും, ജില്ലാതല, യൂണിവേഴ്സിറ്റി തലങ്ങളിലും ഉന്നത വിജയം നേടിയവർക്ക് അസ്സോസിയേഷന്റെ സമ്മാനങ്ങൾ നൽകി ആദരിച്ചിരുന്നു.

അസ്സോസിയേഷൻ അംഗങ്ങളും കുട്ടികളും ചേർന്ന് അവതരിപ്പിച്ച കലാപരിപാടികൾ കണ്ണിനും, കാതിനും, മനസ്സിനും കുളിർമ്മ പകരുന്നതായിരുന്നു. കലാപരിപാടികളിൽ പങ്കെടുത്തവർക്ക് ഒല്ലൂർ ഫൊറോന വികാരി ഫാ.നോബി അമ്പൂക്കൻ പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

സന്മനസിന് ഉടമകളായ കുറെ അസ്സോസിയേഷൻ അംഗങ്ങൾ നൽകിയ കാരുണ്യ നിധിയിൽ നിന്ന് അർഹതപ്പെട്ട അംഗങ്ങളായ മൂന്ന് പേർക്ക് കൂടി 25000 (ഇരുപത്തിയ്യായിരം) രൂപ സഹായധനമായി നല്കി. നമ്മുടെ കുടുംബങ്ങൾക്കിടയിൽ കുടുംബ മൈത്രി നിലനർത്തുന്നതിനു വേണ്ടിയും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പറഞ്ഞു തീർക്കുന്നതിനു വേണ്ടി ഫാ.ജെയിംസ് മേലേടത്ത് ഉൾക്കൊള്ളുന്ന കുടംബമൈത്രി കമ്മിറ്റി ശ്രദ്ധേയമായി പ്രവർത്തനം നടത്തിയിരുന്നു.

2015 വാർഷിക പൊതുയോഗം നടത്താതതിനാൽ ഒരു ഒത്തുചേരൽ എന്ന നില യിൽ പലരും ആവശ്യപ്പെട്ടതനുസരിച്ച് ഒരു ദിന ടൂർ പരിപാടി സംഘടിപ്പിക്കാൻ ശ്രമം നടത്തി. എന്നാൽ തീരെ സഹകരണം ഇല്ലാതിരുന്നതിനാൽ നടത്താൻ സാധി ച്ചില്ല. സമ്മേളനത്തിൽ അവസാനം റോമിൽ വെച്ച് നടന്ന വിശുദ്ധ ഏവുപ്രാസ്യമ്മയു ടെയും നാമകരണ ചടങ്ങിന് സാക്ഷ്യം വഹിച്ച ശ്രീ.സെൻസിലാവോസ് മേലേടത്ത്, ശ്രീ.ബിനോയ് മേലേടത്ത് എന്നിവർ റെക്കോർഡ് ചെയ്തു കൊണ്ടു വന്ന നാമകരണ ചടങ്ങിന്റെ വീഡിയോ ക്ലിപ്പിങ്ങ് പ്രദർശിപ്പിച്ചു.

2014–2015 കാലഘട്ടത്തിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് | – | ആന്റോ മേലേടത്ത് ഒല്ലൂർ |
| വൈസ് പ്രസിഡണ്ട് | – | വർഗീസ് മേലേടത്ത് തൃക്കൂർ |
| സെക്രട്ടറി | – | റാഫേൽ മേലേടത്ത് കൊഴുക്കുള്ളി |
| ജോ.സെക്രട്ടറി | – | ജോജോ മേലേടത്ത് തൃക്കൂർ |
| ട്രഷറർ | – | സെൻസിലാവോസ് ഒല്ലൂർ |

കൂടാതെ താഴെ പറയുന്നവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയായി തിരഞ്ഞെടുത്തു. ഐപ്പു മേലേടത്ത്, ബിനോയ് മേലേടത്ത്, ചാക്കോ M.C., ഡേവീസ് മേലേടത്ത്, ഫ്രാൻസിസ് മേലേടത്ത് (ആലുവ), ജോസ് മേലേടത്ത് (തൃക്കൂർ), ജോയ് മേലേടത്ത് (ആലുവ), പോൾ മേലേടത്ത് (തൃക്കൂർ), സ്റ്റീഫൻ M., സണ്ണി M, തോബി സേവ്യർ M. എന്നിവരാണ്. പൊതുയോഗത്തിന്റെ നടത്തിപ്പിൽ യൂത്ത് വിംഗ് ടീമായ രോഹിത്ത് റാഫേൽ, സജി സ്റ്റെയിൻ, നിനേവ് ബ്രൂക്ക്, ഗോഡ്വിൻ ഐപ്പ് എന്നിവ രുടെ പ്രവർത്തനം എടുത്തു പറയേണ്ടതായിരുന്നു. കലാപരിപാടികളിൽ വനിത വിഭാ

ഗമായി ഉഷ പോൾ, ഉഷാ സേവ്യർ, Dr.ഏല്യാമ്മ റാഫേൽ, പേഴ്സിസ് ബൂക്ക് എന്നിവരുടെ ഹെൽപ്പ് ലെയ്ൻ മേഖലയിൽ ഉള്ള പ്രവർത്തനം ശ്രദ്ധേയമായിരുന്നു.

കലാപരിപാടികൾക്കും, സ്നേഹവിരുന്നിനും ശേഷം 8 മണിയോടെ പരിപാടി സമാപിച്ചു. യോഗത്തിന് റാഫേൽ മേലേടത്ത് സ്വാഗതവും ആന്റോ മേലേടത്ത് നന്ദിയും രേഖപ്പെടുത്തി. ഈ കാലയളവിൽ മേലേടത്ത് സണ്ണി ഭാര്യ മേരി, മേലേടത്ത് ആഗസ്റ്റിൻ മാത്യു, മേലേടത്ത് ഔസേഫ് വർഗ്ഗീസ്, മേലേടത്ത് പൈലോത് മകളും ആലപ്പാട്ട് ഫ്രാൻസിസ് ഭാര്യയുമായ ത്രേസ്യമ്മ എന്നിവർ നമ്മിൽ നിന്നും മരണം മൂലം വേർപിരിഞ്ഞു.

**24-4-2016- പൊതുയോഗം പരിപാടികൾ**

ആരംഭം - 2.30, സ്ഥലം - പൂരം ഇന്റർനാഷണൽ

അദ്ധ്യക്ഷൻ - ആന്റോ മേലേടത്ത്

സ്വാഗതം - റാഫേൽ മേലേടത്ത്

റിപ്പോർട്ട് - ട്രഷറർ - സെൻസിലാവോസ് മേലേടത്ത് (കണക്ക്)

ഉൽഘാടനം - സീനിയർ - കൊച്ചുത്രേസ്യ വാറു

VIP - Sr.അർപ്പിത

ബ്രജിത്ത അന്തോണി, കൊച്ചുത്രേസ്യ വാറു എന്നിവരെ ആദരിച്ചു. എലിസബത്ത് സേവ്യറെ (94 വയസ്സ്) പൊന്നാടയണിയിച്ചു. ഉന്നത വിദ്യഭ്യാസ നിലവാരം പുലർത്തിയവരെയും, ജില്ലാ-യൂണിവേഴ്സിറ്റി-രൂപതതല വിജയികളായവരെ മൊമന്റോ നൽകി ആദരിച്ചു.

കലാപ്രകടനങ്ങൾ നടത്തിയ 23 ഓളം കുട്ടികളെയും, അംഗങ്ങളെയും അനുമോദിച്ചു പ്രോത്സാഹന സമ്മാനം കൊടുത്തു. കാതികൂടം, മേഖലയിൽ നിന്ന് സെക്രട്ടറി ഉൾപ്പെടെ 6 പേർ വന്നിരുന്നു. നന്ദി പ്രകടനം രോഹിത്ത് റാഫേൽ. 7.30 ന് സമ്മേളനം സമാപിച്ചു. പരിപാടിയിൽ എൺപതോളം പേർ പങ്കെടുത്ത് ബ്ലഡ് ഡോണേഴ്സ് ക്ലബ്ബ് രൂപീകരിച്ചു.

**പുതിയ കമ്മിറ്റി**

| | | |
|---|---|---|
| പ്രസിഡണ്ട് | - | ആന്റോ മേലേടത്ത് |
| വൈസ് പ്രസിഡണ്ട് | 1 | വർഗീസ് മേലേടത്ത് |
| | 2 | സേവ്യർ മേലേടത്ത് |
| സെക്രട്ടറി | - | റാഫേൽ മേലേടത്ത് |
| ജോ.സെക്രട്ടറി | 1 | ജോജോ മേലേടത്ത് തൃക്കൂർ |
| | 2 | പോൾ മേലേടത്ത് തൃക്കൂർ |
| ട്രഷറർ | - | സെൻസിലാവോസ് ഒല്ലൂർ |

**എക്സ്ക്യൂട്ടീവ് കമ്മിറ്റി**

ബിനോയ്, M.C.ചാക്കോ, ഐപ്പു, ഡേവീസ് M, ഫ്രാൻസിസ് M, ആലുവ, ജോയ് M (ആലുവ), ജോസ് M (തൃക്കൂർ), സണ്ണി M, ജോഷി ഫ്രാൻസിസ്, തോബി.

യൂത്ത്വിംഗ് - രോഹിത്ത് റാഫേൽ, സജി സ്റ്റെൻസ്, നിനവ ബ്രൂക്ക്, ഗോഡ്വിൻ, ഫിലിപ്പ് ചാക്കോ, നിഖിൽ ബ്രൂക്ക്, സിജോ ജോയ്, ഇമ്മ, മെറിൻ, ഹെലൻ

വനിതവിംഗ് - ഉഷ പോൾ, ഉഷ സേവ്യർ, Dr.ഏല്ല്യാമ്മ റാഫേൽ, പേഴ്സിസ് ബ്രൂക്ക്, ജസ്സി ഡേവിസ്, ധന്യ ജോസ്, ലിസ്സി ചാക്കോ.

| | | |
|---|---|---|
| 1 | റാഫേൽ S/o.വാറു, ഒല്ലൂർ | 1000 |
| 2 | സോണി ആന്റോ, D/o.ആന്റോ മേലേടത്ത് | 1000 + 1000 |
| 3 | സോഫി ആന്റോ, D/o.ആന്റോ മേലേടത്ത് | 1000 + 1000 |
| 4 | ഐപ്പു S/o.ഫ്രാൻസിസ് തൈക്കാട്ടുശ്ശേരി | 1000 |
| 5 | സിജോ ജോയി, ആലുവ | 5000 |
| 6 | റോജോ ജോയി, ആലുവ | 5000 |
| 7 | ജോസഫ് S/o.സേവ്യർ ഒല്ലൂർ | 5000 |
| 8 | പ്രിന്റോ S/o.ഫ്രാൻസിസ് ആലുവ | 1000 |
| 9 | പ്രിങ്കിൾ S/o.ഫ്രാൻസിസ് ആലുവ | 1000 |
| 10 | ജോർജ്ജ് S/o.ഡേവീസ് മേലോടത്ത് (ചെക്ക്) | 5000 |
| 11 | തോബി S/o.ഔസേഫ് ഒല്ലൂർ | 1000 |

**<u>മേലേടത്ത് ഫാമിലി അസ്സോസിയേഷന്റെ 8-ാമത്തെ പൊതുയോഗ റിപ്പോർട്ട്</u>**

മേലേടത്ത് ഫാമിലി അസ്സോസിയേഷന്റെ 7-ാമത്തെ പൊതുയോഗം 13.05.2018 ൽ ഒല്ലൂർ പന്തൽ ഹാളിൽ വെച്ച് നടന്നു. Fr.James Meledath ന്റെ കാർമ്മികത്വത്തിൽ 3 p.m. ന് ഒല്ലൂർ പള്ളിയിൽ കുർബ്ബാനയും അതിനുശേഷം കുടുംബത്തിൽ നിന്നും വേർപ്പെട്ട് പോയവർക്ക് വേണ്ടിയുള്ള ഒപ്പീസും ഉണ്ടായിരുന്നു. 4.30 p.m. ന് ഒല്ലൂർ മാലാഖയുടെ പന്തൽ ഹാളിൽ വെച്ച് പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ പ്രസിഡണ്ട് ആന്റോ മേലേടത്ത് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി റാഫേൽ മേലേടത്ത് സ്വാഗതം ആശംസിച്ചു. ശേഷം റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ വർഷം ചെയ്ത കാര്യങ്ങൾ വിശദമായി അവതരിപ്പിക്കുന്നതിനായിരുന്നു റിപ്പോർട്ട്. റിപ്പോർട്ടിനു ശേഷം ട്രഷറർ M.T.സെൻസിലാവോസ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി.

പ്രസിഡണ്ടിന്റെ ആമുഖ പ്രസംഗത്തിനു ശേഷം മുഖ്യാഥിതിയും രക്ഷാധികാരിയുമായ Fr.James Meledath യോഗത്തെ അതിസംബോധന ചെയ്ത് സംസാരിച്ചു.

അസ്സോസിയേഷൻ നല്ല രീതിയിൽ പോകുന്നതിൽ അദ്ദേഹം സംതൃപ്തി അറിയിക്കുകയും കുർബ്ബാനക്ക് അവസരം തന്നതിൽ പ്രത്യേകം നന്ദി പറഞ്ഞു. കൂടാതെ Sr.അർപ്പിത, Sr.റോബിൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ഈ കുടുംബ കൂട്ടായ്മ എല്ലാവരേയും ചേർത്ത് നിർത്തി കൊണ്ട് ഭംഗിയായി മുന്നോട്ട് കൊണ്ടു പോകണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായി അതിനുശേഷം അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പുതുതായി തിരഞ്ഞെടുത്ത ഭാരവാഹികളും കമ്മിറ്റി അംഗങ്ങളും.

| | | |
|---|---|---|
| പ്രസിഡണ്ട് | – | ഡേവിസ് മേലേടത്ത് |
| വൈസ് പ്രസിഡണ്ട് | – | സേവ്യർ മേലേടത്ത് |
| സെക്രട്ടറി | – | ധന്യ ജോസ് |
| ജോ.സെക്രട്ടറി | – | ജോസ് M.M. തൃക്കൂർ |
| ട്രഷറർ | – | M.T. സെൻസിലാവോസ് |
| ജോയിന്റ് ട്രഷറർ | – | ജോഷി മേലേടത്ത് |

**എക്സിക്യൂട്ടീവ് മെമ്പേഴ്സ്**

1. ബിനോയ് മേലേടത്ത്
2. ചാക്കോ M C
3. ഫ്രാൻസിസ് ആലുവ
4. തോബി മേലേടത്ത്
5. സണ്ണി മേലേടത്ത്
6. റാഫേൽ മേലേടത്ത്
7. ആന്റോ മേലേടത്ത്
8. ജോജോ മേലേടത്ത്
9. വർഗ്ഗീസ് മേലേടത്ത്

പ്രസിഡണ്ടായി തിരഞ്ഞെടുത്ത ഡേവിസ് മേലേടത്ത് നന്ദി പറഞ്ഞു കൊണ്ട് യോഗം 8.30 p.m.ന് സമാപിച്ചു.

എന്ന്
സെക്രട്ടറി
ധന്യ ജോസ്

10/3/20

**കഴിഞ്ഞ 2018 നടന്ന പൊതുയോഗം മുതൽ 2022 ലെ പൊതുയോഗം വരെയുള്ള റിപ്പോർട്ട്**

2018 മെയ് 13 ന് ഒല്ലൂർ പന്തൽ ഹാളിൽ വെച്ച് പൊതുയോഗം നടന്നു. Fr. James Meledath ന്റെ കാർമ്മികത്വത്തിൽ 3 p.m. ന് ഒല്ലൂർ പള്ളിയിൽ കുർബ്ബാനയും അതിനു ശേഷം ഫാമിലിയിൽ നിന്നും വേർപ്പെട്ട് പോയവർക്ക് വേണ്ടിയുള്ള ഒപ്പീസും ഉണ്ടായിരുന്നു. പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ പ്രസിഡണ്ട് ആന്റോ മേലേടത്ത് അദ്ധ്യക്ഷത വഹിച്ചു. റാഫേൽ മേലേടത്ത് സ്വാഗതം ആശംസിച്ചു. ശേഷം റിപ്പോർട്ടും വരവു ചെലവു കണക്കും വിശദമായി അവതരിപ്പിച്ചു. Fr.James Meledath, Sr. Arpitha, Sr. Robin എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും, സ്നേഹവിരുന്നും ഉണ്ടായിരുന്നു. അടുത്ത രണ്ട് വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ട്-ഡേവിസ് മേലേടത്ത്, വൈസ് പ്രസിഡണ്ട്-സേവിയർ മേലേടത്ത്, സെക്രട്ടറി-ധന്യ ജോസ്, ജോയിന്റ് സെക്രട്ടറി-ജോസ് മേലേടത്ത്, Persis Book ട്രഷറർ-M.T.സെൻസിലാവോസ്, ജോയിന്റ് ട്രഷറർ-ജോഷി മേലേടത്ത് എന്നിവരേയും, 9 എക്സിക്യൂട്ടീവ് അംഗങ്ങളേയും യോഗത്തിൽ തിരഞ്ഞെടുത്തു.

2018 ജൂൺ 10 ന് കൂടിയ യോഗത്തിന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ സ്വാഗതം ചെയ്യുകയും, അധികാരം കൈമാറുകയും ചെയ്തു. Family അസ്സോസിയേഷനിൽ ഉൾപ്പെടുന്ന എല്ലാ കുടുംബാംഗങ്ങളുടേയും മക്കളുടെ വിവാഹ ചടങ്ങിൽ അസ്സോസിയേഷന്റെ മൊമന്റോ കൊടുക്കാനുള്ള തീരുമാനം, യോഗം പാസ്സാക്കി. കോവിഡ് മഹാമാരി ആരംഭിച്ച് lock down പ്രഖ്യാപിച്ച സാഹചര്യത്തിൽ 2020 മാർച്ച് 23 ന് പൊതുയോഗം നടത്താനുള്ള തീരുമാനം തൽക്കാലത്തേക്ക് നിർത്തി വെയ്ക്കേണ്ടതായി വന്നു. കോവിഡ് സാഹചര്യങ്ങൾ കുറഞ്ഞ അവസരത്തിൽ 2021 മാർച്ച് 28 ന് യോഗം കൂടുകയുണ്ടായി. കോവിഡ് കാലഘട്ടത്തിലെ വാർഷിക വരുമാനം അംഗങ്ങളിൽ നിന്ന് വാങ്ങേണ്ടതില്ല എന്നും ആ യോഗത്തിൽ തീരുമാനിച്ചു.

Meledath Family Association റജിസ്റ്റർ ചെയ്യാനുള്ള തീരുമാനം യോഗം കൈകൊള്ളുകയും, അതിനുള്ള നടപടികൾ April 2022 ൽ പൂർത്തിയാവുകയും ചെയ്തു. Education ഫണ്ട് ക്രയവിക്രയം ചെയ്യാൻ ലോറൻസ് മേലേടത്ത്, ഈനാശു

മേലേടത്ത്, സിജോ മേലേടത്ത് എന്നിവരെ യോഗം തിരഞ്ഞെടുത്തു. Family Association പണമിടപാടുകൾക്കുള്ള ചുമതല, പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർക്ക് മാത്രമായിരിക്കുമെന്നും യോഗം തീരുമാനിച്ചു. 2022 മാർച്ച് 10 ന് കൂടിയ യോഗത്തിൽ മേലേടത്ത് Meledath Family Association Website തുടങ്ങാനും, Life Membership ID Card കൈമാറാനും തീരുമാനിച്ചു. അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ പൊതു യോഗത്തിൽ വെച്ച് തിരഞ്ഞെടുക്കാനും തീരുമാനിച്ചു.

കഴിഞ്ഞ 2018 ലെ പൊതുയോഗത്തിനു ശേഷം നമ്മുടെ ഇടയിൽ നിന്നും വേർപിരിഞ്ഞുപോയ മിഖായേൽ ഭാര്യ റോസി, ഫ്രാൻസിസ് ഭാര്യ മേരി, ഫ്രാൻസിസ് മകൻ മൈക്കിൾ, തോമസ് ഭാര്യ ലില്ലി, ബ്രൂക്ക് മകൻ നോയൽ, അഗസ്റ്റിൻ മകൻ റോയ് എന്നിവർക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും റീത്തുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവരെയെല്ലാം ഈ യോഗത്തിലും ഓർക്കുന്നു. പ്രാർത്ഥിക്കുന്നു.

2018-22 വർഷങ്ങളിലെ തീരുമാനങ്ങളടങ്ങിയ ഈ റിപ്പോർട്ട് യോഗത്തിനു മുന്നിൽ ഞാൻ സമർപ്പിക്കുന്നു.

Thank you....

എന്ന്

| | |
|---|---|
| പ്രസിഡണ്ട് | സെക്രട്ടറി |
| ഡേവിസ് മേലേടത്ത് | ധന്യ ജോസ് |

1. Mary Francis
2. Achama George
3. Febi Farjo
4. Shymi Shaju
5. Femi Farjo
6. Christo
7. Silvia Sijo
8. Jovia Sijo
9. Telin Sijo
10. Rosily Joy
11. Tessy Francis
12. Usha Xavier
13. Jessy Davis
14. Sindhu Varkey
15. Dona Varkey
16. Alansteen J Meledath
17. Saji Stains
18. Joshi Francis
19. Printo Francis
20. Sijo Joy
21. M. A. Kochupaul
22. Joy M.K. Aluva
23. Thomas
24. Anto Meledath Thrissur

25. M.K. Francis
26. Lawrance Francis
27. Varghese
28. Libiya Lawrance
29. Aron M.L
30. Ashrin M.L
31. Arisha M.L
32. Nithya Jose
33. Jeena Paul
34. Philomina Stains
35. Tintu Rose Antony
36. Shirly Joshi
37. Dr. Eliama Rapheal
38. Justin Roy M
39. Xavior M J
40. Jose M M
41. Sherly Jose
42. Usha Paul
43. Asha Michael
44. Jyothy
45. Paul M M
46. Michael M S
47. Nirmal Michael
48. Sandra Sebastian
49. Roopika Julian Meledath
50. Joju Meledath
51. Sebastian M P
52. Amal Jose
53. Lawrance M A
54. M C Robin
55. M Deepa Robin
56. Tic Robin
57. Rathul
58. Dhanya
59. Nithya

**Meledath Famil Association ന്റെ 14-ാം വാർഷിക പൊതുയോഗ റിപ്പോർട്ട്**

മേലേടത്ത് ഫാമിലി അസ്സോസിയേഷന്റെ 14-ാം വാർഷിക പൊതു യോഗം ചീരാച്ചി കോർപ്പറേഷൻ ഹാളിൽ വെച്ച് 28/05/2023 ഉച്ചതിരിഞ്ഞ് 4.45 ന് പ്രസിഡണ്ടായ Davis Meledath ന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. റാഫേൽ മേലേടത്ത് എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി ധന്യ ജോസ് റിപ്പോർട്ട് വായിച്ചു. യോഗം അത് പാസ്സാക്കി. റിപ്പോർട്ടിൽ എഴുതിയിരുന്ന ധനസഹായത്തിന്റെ കാര്യത്തിൽ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. ധനസഹായം കൊടുത്തവരുടെ പേരുകൾ മിനിറ്റ്സ് ബുക്കിൽ ഉണ്ടായാൽ മതിയെന്നും, റിപ്പോർട്ടാക്കുമ്പോൾ അവരുടെ പേര് വായിക്കേണ്ടതില്ല എന്നും യോഗം തീരുമാനിച്ചു.

അസ്സോസിയേഷന്റെ വരവു ചിലവ് കണക്ക് ട്രഷറർ ജോഷി മേലേടത്ത് അവതരിപ്പിച്ചു. അത് യോഗം പാസ്സാക്കി. മേലേടത്ത് അസ്സോസിയേഷന്റെ പ്രസിഡണ്ടായ Davis Meledath ന്റെ അദ്ധ്യക്ഷ പ്രസംഗം ഉണ്ടായിരുന്നു. കലാപരിപാടികളും പൊതുയോഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഈ വർഷത്തെ ഭാരവാഹികളെ പൊതുയോഗത്തിൽ നിന്ന് തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് | - | ഡേവിസ് മേലേടത്ത് |
| വൈസ് പ്രസിഡണ്ട് | - | സെൻസിലാവോസ് മേലേടത്ത് |
| സെക്രട്ടറി | - | ധന്യ ജോസ് |
| ജോ.സെക്രട്ടറി | - | പോൾ മേലേടത്ത് തൃക്കൂർ |
| ട്രഷറർ | - | ജോഷി മേലേടത്ത് |
| ജോയിന്റ് ട്രഷറർ | - | ഏല്യാമ്മ റാഫേൽ, സേവ്യർ |

**Executive Members**

1. Binoy Meledath
2. Xavior Meledath
3. Percis Meledath
4. Jose Thrikkur Meledath
5. Shaju Meledath
6. Raphel Meledath
7. Deepa Meledath
8. Ippu Francis
9. Anto Meledath (Auditor)

എന്നിവരെയാണ് യോഗം തിരഞ്ഞെടുത്തത്. അവസാനമായി Anto Meledath എല്ലാവർക്കും നന്ദി പറയുകയും, ചായ സത്ക്കാരത്തിനുശേഷം 6 മണിയോടെ യോഗം പിരിയുകയും ചെയ്തു.

എന്ന്

| | |
|---|---|
| പ്രസിഡണ്ട് | സെക്രട്ടറി |
| ഡേവിസ് മേലേടത്ത് | ധന്യ ജോസ് |

**<u>Meledath Famil Association ന്റെ 16-ാം വാർഷിക പൊതുയോഗ റിപ്പോർട്ട്</u>**

മേലേടത്ത് ഫാമിലി അസ്സോസിയേഷന്റെ **<u>15-ാം വാർഷിക</u>** പൊതുയോഗം ഒല്ലൂർ സാധു സംരക്ഷണ ഹാളിൽ വെച്ച് മെയ് 12, 5.30 ന് പ്രസിഡണ്ടായ Davis Meledath ന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. റാഫേൽ മേലേടത്ത് എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി റിപ്പോർട്ട് വായിച്ചു. ട്രഷറർ കണക്ക് അവതരിപ്പിച്ചു. റിപ്പോർട്ട് കണക്കും യോഗം പാസ്സാക്കി. അദ്ധ്യക്ഷ പ്രസംഗം പ്രസിഡണ്ടായ ഡേവിസ് മേലേടത്ത് അവതരിപ്പിച്ചു. യോഗത്തിൽ ഇനിയും എല്ലാവരുടെയും സഹകരണവും, സഹായവും വേണമെന്നും, അസ്സോസിയേഷന്റെ വളർച്ചക്ക് പുതിയ അംഗങ്ങൾ ചേരണമെന്നും അദ്ദേഹം പ്രസംഗത്തിൽ ഊന്നി പറയുകയുണ്ടായി.

ആശംസാ പ്രസംഗം സെൻസിലാവോസ് മേലേടത്ത് അവതരിപ്പിച്ചു. യോഗത്തിന്റെ ദൃഢതയെകുറിച്ചും, കൂടുതൽ പേർ ഇതിൽ പങ്കെടുക്കണമെന്നും അദ്ദേഹം ഇതിൽ ഉന്നി പറഞ്ഞു. അതിനു ശേഷം തുടർന്ന് രണ്ട് വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് | - | റാഫേൽ മേലേടത്ത് |
| വൈസ് പ്രസിഡണ്ട് | - | സെൻസിലാവോസ് തോമസ് മേലേടത്ത് |
| സെക്രട്ടറി | - | ധന്യ ജോസ് |
| ജോ.സെക്രട്ടറി | - | പേഴ്സിസ് ബ്രൂക്ക് |
| ട്രഷറർ | - | ആന്റോ മേലേടത്ത് |
| ജോയിന്റ് ട്രഷറർ | - | ജോഷി ഫ്രാൻസിസ് |
| ഓഡിറ്റർ | - | ഡേവിസ് മേലേടത്ത് |

**<u>Executive Members</u>**

1. Aipu Francis
2. Binoy Meledath
3. Dr. Eliamma
4. Sijo Joy
5. Printo Francis
6. Shaju George
7. Paul M Meledath
8. Xavior J Meledath

എന്നിവരെയാണ് യോഗം 2 വർഷത്തേക്ക് തിരഞ്ഞെടുത്തത്. അതിനു ശേഷം കലാപരിപാടികളും ഗംഭീര ഒരു ഗാനമേളയും ഉണ്ടായിരുന്നു. സ്നേഹ വിരുന്നും ഉണ്ടായിരുന്നു. അതിനു ശേഷം 10.00 മണിയോടെ യോഗം അവസാനിച്ചു. എല്ലാവരും പിരിയുകയും ചെയ്തു.

എന്ന്
സെക്രട്ടറി
ധന്യ ജോസ്

**Meledath Family Association ന്റെ 16-ാം വാർഷിക പൊതുയോഗ റിപ്പോർട്ട്**

2024 മെയ് 12 മുതൽ 2025 മെയ് 18 വരെയുള്ള റിപ്പോർട്ട്. 15-ാം വാർഷിക പൊതുയോഗം ഒല്ലൂർ സാധു സംരക്ഷണ ഹാളിൽ വെച്ച് 5.30 ന് പ്രസിഡണ്ടായ Davis Meledath ന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. റാഫേൽ മേലേടത്ത് യോഗത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. സെക്രട്ടറി റിപ്പോർട്ടും കണക്കും വായിച്ചു പാസാക്കി.

പൊതുയോഗത്തിൽ അംഗങ്ങളുടെ സാന്നിദ്ധ്യം ഇനിയും വേണമെന്നും അസ്സോസിയേഷന്റെ വളർച്ചയ്ക്ക് പുതിയ അംഗങ്ങൾ ഇനിയും ചേരണമെന്നും യോഗത്തിൽ ഊന്നി പറഞ്ഞു.

പുതിയ ഭാരവാഹികളെ തീരുമാനിച്ചു.

President – Raphel M, Vice President – Stainslavos Thomas, Secretary – Dhanya Jose, Joint Secretary – Persis Book , Treasurer – Anto Meledath, Joint Treasurer – Joshi Francis, Auditor – Davis Meledath അതിനു പുറമെ 8 executive members നെയും തിരഞ്ഞെടുത്തു. ഗംഭീര ഗാനമേളയും സ്നേഹവിരുന്നും ഉണ്ടായി. അതിനു ശേഷം 10 മണിയോടെ യോഗം പിരിഞ്ഞു.

August മാസത്തിൽ നടത്തിയ ex. Meeting ൽ പൊതുയോഗത്തിൽ നടന്ന ചിലവ് വിലയിരുത്തി ഓരോ ഫാമിലിയിലും ഉള്ള വിവാഹിതരായ ആൺ മക്കളെ ചേർത്തി അസ്സോസിയേഷന്റെ അംഗത്വം വികസിപ്പിക്കുവാനും തീരുമാനിച്ചു.

ജനുവരി മാസത്തിൽ നടത്തിയ മീറ്റിംഗിൽ വെബ്സൈറ്റ് തുടങ്ങാൻ ചർച്ച നടത്തി. അത് തുടങ്ങാനും തീരുമാനമായി. അതിനായി കമ്മിറ്റി രൂപികരിച്ചു. Davis M, Joshy M, Anto M, Saji Zensilavos, Lorance Meledath എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. April മാസത്തിൽ ഒരു ഓൺലൈൻ മീറ്റിംഗ് കൂടി 11 അംഗങ്ങൾ പങ്കെടുത്ത പൊതുയോഗത്തെ കുറിച്ച് ചർച്ച ചെയ്തു. May 18 ന് നടത്താൻ തീരുമാനമായി. S.S.L.C., +2 ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കായി സമ്മാനം അതാത് വർഷം തന്നെ കൊടുക്കണം എന്ന് ഈ യോഗം തീരുമാനമായി. വെബ്സൈറ്റ് തുടങ്ങുന്നതിന് 70,000/- രൂപ പാസ്സാക്കാനും തീരുമാനമായി.

നമ്മുടെ ഫാമിലിയിൽ നിന്ന് വേർപ്പെട്ടു പോയ മുൻ പ്രസിഡണ്ട് ഡേവിസിന്റെ അമ്മ മേലേടത്ത് വാറു ഭാര്യ കൊച്ചു ത്രേസ്യ, മുൻ പ്രസിഡണ്ടായ മേലേടത്ത് സണ്ണി

ഭാര്യ സിബിൾ സണ്ണി, Father in low of Soniya D/o. Anto Meledath, father in low of Sofiya Sooraj D/o.Anto Meledath എന്നിവർക്ക് അസ്സോസിയേഷന്റെ വക റീത്ത് സമർപ്പിക്കുകയുണ്ടായി. നമ്മുടെ ഫാമിലിയിൽ നിന്ന് വേർപ്പെട്ടു പോയവർക്ക് വേണ്ടി ഈ നിമിഷം പ്രത്യേകം ഓർക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ ഫാമിലി അംഗങ്ങൾക്ക് ചില വൈദ്യ സഹായവും ധന സഹായവും ചെയ്തതായും ഈ നിമിഷം ഓർക്കുന്നു. Joint ചെയ്തിട്ടുള്ള പുതിയ members ന് സ്വാഗതം ചെയ്യുന്നു.

2025, തീരുമാനങ്ങളടങ്ങിയ ഈ റിപ്പോർട്ട് യോഗത്തിനു മുന്നിൽ ഞാൻ സമർപ്പിക്കുന്നു.

Thanking you

എന്ന്

പ്രസിഡണ്ട്
Mr. റാഫേൽ മേലേടത്ത്

സെക്രട്ടറി
ധന്യ ജോസ്

1. Dhanya
2. Francis Meledath
3. Joy Meledath
4. Davis Meledath
5. Sensilavos
6. Printo Francis Meledath
7. Abraham Printo Meledath
8. Aippu M F
9. Sijo Joy
10. Sunny Paul (Ollur)
11. M G Shaju Meledath
12. Shinto Shaju
13. Sebasian M P
14. Xavior Meledath
15. Stephen M F
16. Godson M F
17. Dr. Eliamma
18. Sayuj Raphel
19. Rapheal Meledath
20. Usha Xavior
21. Jessy Francis
22. Mini Aippu
23. Geethu Printo
24. Persis Brook
25. Achama
26. Kochuthressia Shaju
27. Jovia Sijo
28. Silvia Sijo
29. Anto Meledath
30. Binoy Meledath
31. Ajeena Binoy
32. Joicy Farjo
33. Farjo Francis
34. Robinson
35. M A Jojo
36. Fessy Jojo
37. Alansteen Jojo

**18/5/2025 – 16-ാം വാർഷികം**

1. Corporation Hall (Place)
2. Time – 5.00
3. അദ്ധ്യക്ഷ പ്രസംഗം - Raphel M
4. റാണിയുടെ ധനസഹായത്തിലേക്ക് Davis ചേട്ടന്റെ സഹായത്തിന് ബിനോയ് നന്ദി പറഞ്ഞു.
5. Anto M സംസാരിച്ചു

   Sensilavos M സംസാരിച്ചു

   അടുത്ത് മീറ്റിംഗ് Mike വേണം.
6. Sensilavos M നന്ദി പറഞ്ഞു

## Meledath Family Association ന്റെ 16-ാം പൊതുയോഗ റിപ്പോർട്ട്

Meledath Family Association ന്റെ 16-ാം പൊതുയോഗം ചീരാച്ചി കോർപ്പറേഷന ഹാളിൽ വെച്ച് മെയ് 18 ന് നടത്തുകയുണ്ടായി. 40 അംഗങ്ങൾ ആണ് മീറ്റിംഗിൽ പങ്കെടുത്തത്. വൈകീട്ട് 5.15 ഓടു കൂടി മീറ്റിംഗ് ആരംഭിച്ചു. അദ്ധ്യക്ഷ പ്രസംഗം റാഫേൽ മേലേടത്ത് നിർവ്വഹിച്ചു. റിപ്പോർട്ട് വായിച്ചു, അത് പാസ്സാക്കി. ട്രഷറർ കണക്ക് വായിച്ചു പാസ്സാക്കി.

വീടുകളുടെ കണക്കു പ്രകാരം അംഗസംഖ്യ കുറവാണ് പങ്കെടുത്തത് എന്ന് പ്രസിഡണ്ടും മറ്റ് അഭിപ്രായം പറഞ്ഞ അംഗങ്ങളും ഊന്നി പറയുകയുണ്ടായി. Meledath Association ൽ അംഗമായ റാണി ചേച്ചിയുടെ ആരോഗ്യനില വഷളായത് മൂലം ചില സാമ്പത്തിക സഹായവും മാനുഷിക സഹായവും നൽകി Association ന്റെ തന്നെ അഭിമാനമായി മാറിയ Davis Meledath നെ അഭിനന്ദിക്കാൻ Binoy Meledath മുന്നോട്ട് വരികയും, നന്ദി അർപ്പിക്കുകയും ചെയ്തു. ചില മീറ്റിംഗ് നടത്തുമ്പോൾ മൈക്ക് വേണം എന്ന ആവശ്യം എല്ലാവരും മുന്നോട്ടു വെച്ചു.

അസ്സോസിയേഷനിലെ ചില അംഗങ്ങൾ മീറ്റിംഗിൽ സംസാരിച്ചു. എല്ലാവരുടേയും സഹായ സഹകരണങ്ങൾ ഇനിയും വേണം എന്ന അഭിപ്രായം ഇവരെല്ലാം മുന്നോട്ടു വെച്ചു. മീറ്റിംഗിൽ അവസാനത്തിൽ സെൻസിലാവോസ് മേലേടത്ത് എല്ലാവർക്കും നന്ദി പറയുകയും ചെയ്തു. ചായ സത്ക്കാരത്തിനൊടുവിൽ 6.30 ഓടു കൂടി യോഗം പിരിഞ്ഞു.

എന്ന്

പ്രസിഡണ്ട്
റാഫേൽ മേലേടത്ത്

സെക്രട്ടറി
ധന്യ ജോസ്